**മധുരമായ കുട്ടികളേ, നിങ്ങൾ മുഴുവൻ വിശ്വത്തിലും ശാന്തി സ്ഥാപിക്കുന്ന ബാബയുടെ സഹായികളായ കുട്ടികളാണ്, ഇപ്പോൾ നിങ്ങളുടെ മുന്നിൽ സുഖത്തിന്റേയും, ശാന്തിയുടേയും ലോകമാണുള്ളത്.**

**ചോദ്യം:–** ബാബ കുട്ടികളെ എന്തിന് വേണ്ടിയാണ് പഠിപ്പിക്കുന്നത്? പഠിപ്പിന്റെ സാരം എന്താണ്?
**ഉത്തരം:–** ബാബ തന്റെ കുട്ടികളെ സ്വർഗ്ഗത്തിലെ രാജകുമാരൻ, വിശ്വത്തിന്റെ അധികാരികളാക്കുന്നതിനു വേണ്ടിയാണ് പഠിപ്പിക്കുന്നത്. ബാബ പറയുന്നു കുട്ടികളേ, പഠിത്തത്തിന്റെ സാരമാണ് ലോകത്തിലെ മുഴുവൻ കാര്യങ്ങളും ഉപേക്ഷിക്കൂ, എന്റെ പക്കൽ കോടികളുണ്ട്, ലക്ഷങ്ങളുണ്ട് ഇങ്ങനെയൊരിക്കലും വിചാരിക്കരുത്. ഒന്നും കൂടെ വരില്ല, അതുകൊണ്ട് നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യൂ, പഠിത്തത്തിൽ ശ്രദ്ധിക്കൂ.

**ഗീതം:–** അവസാനം ഇന്ന് ആദിനം വന്നു ചേർന്നു.....

**ഓം ശാന്തി:–** കുട്ടികൾ ഗീതം കേട്ടു– അവസാനം വിശ്വത്തിൽ ശാന്തിയുടെ സമയം വന്നു. വിശ്വത്തിൽ എങ്ങനെയാണ് ശാന്തി സ്ഥാപിക്കപ്പെടേണ്ടത് എന്ന് എല്ലാവരും പറയുന്നുണ്ട് അതിൽ നല്ല അഭിപ്രായം പറയുന്നവർക്ക് ഉപഹാരം നൽകുന്നു. നെഹ്രുവും അഭിപ്രായം പറഞ്ഞിരുന്നു, പക്ഷേ ശാന്തി സ്ഥാപിക്കപ്പെട്ടില്ല. വെറുതെ അഭിപ്രായം പറഞ്ഞിട്ടു പോയി. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ഒരു സമയത്ത് വിശ്വത്തിൽ സുഖവും, ശാന്തിയും, സമ്പത്തും എല്ലാം ഉണ്ടായിരുന്നു. ഇപ്പോൾ ഇല്ല. ഇനി വീണ്ടും ഉണ്ടാകുവാൻ പോകുകയാണ്. ചക്രം തിരിയുമല്ലോ? ഇതെല്ലാം നിങ്ങൾ സംഗമയുഗീ ബ്രാഹ്മണരുടെ ബുദ്ധിയിൽ മാത്രമേയുള്ളൂ. നിങ്ങൾക്കറിയാം, ഭാരതം വീണ്ടും സ്വർണമായി മാറണം. ഭാരതത്തിനെത്തന്നെയാണ് സ്വർണ്ണപ്പക്ഷി എന്ന് വിളിക്കുന്നത്. മഹിമയൊക്കെ പറയുന്നുവെങ്കിലും,ഇത് വെറുതെ പറച്ചിൽ മാത്രമാണ്. നിങ്ങളിപ്പോൾ പ്രാക്ടിക്കലായി പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം ഇനി വളരെക്കുറച്ചു ദിവസങ്ങളേ അവശേഷിക്കുന്നുള്ളു അതുകൊണ്ട് നരകത്തിലെ എല്ലാ ദു:ഖം തരുന്ന കാര്യങ്ങളും മറക്കണം. നിങ്ങളുടെ ബുദ്ധിയിൽ സുഖത്തിന്റെ ലോകമാണ്. പണ്ടുകാലത്ത് വിദേശത്തു നിന്നും മടങ്ങിയെത്തുവാൻ സമയമെടുക്കുമായിരിക്കും, മടങ്ങി വരുന്ന സമയത്ത് വിചാരിക്കും ഇനി കുറച്ചു സമയത്തിനുള്ളിൽ അവിടെ എത്തിച്ചിച്ചേരും. ഇപ്പോഴാണെങ്കിൽ വിമാനത്തിൽ പെട്ടെന്നെത്തിച്ചേരും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മുടെ സുഖത്തിന്റെ ദിവസങ്ങൾ വരാൻ പോകുകയാണ്, അതിനുവേണ്ടിയാണ് നമ്മൾ പുരുഷാർത്ഥം ചെയ്യുന്നത്. പുരുഷാർത്ഥത്തെക്കുറിച്ച് ബാബ വളരെ സഹജമായി പറഞ്ഞു തരുന്നു. ഡ്രാമാപ്ലാൻ അനുസരിച്ച് കൽപം മുൻപെന്നപോലെ, ഇക്കാര്യം ഉറപ്പാണ്. നിങ്ങൾ ദേവതകളായിരുന്നു, ദേവതകൾക്ക് എത്രമാത്രം ക്ഷേത്രങ്ങൾ പണിയുന്നു. കുട്ടികൾക്കറിയാം ധാരാളം ക്ഷേത്രങ്ങളൊക്കെ പണിയുന്നുണ്ട്. ബാക്കി എത്ര ദിവസങ്ങൾ ഉണ്ട്? നിങ്ങൾ കുട്ടികൾ ജ്ഞാനത്തിന്റെ അതോറിട്ടിയാണ്. പരംപിതാ പരമാത്മാവ് സർവ്വശക്തിവാൻ ആൾമൈറ്റി അതോറിറ്റി എന്നു പറയാറുണ്ട്. മറ്റുള്ളവർ ഭക്തിയുടെ അതോറിറ്റിയാണ്, ബാബയെ വിളിക്കുന്നത് ആൾമൈറ്റി അതോറിറ്റി എന്നാണ്. നിങ്ങൾ കുട്ടികൾ നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് തയാറായിക്കൊണ്ടിരിക്കുന്നു. സൃഷ്ടിയുടെ ആദി–മധ്യ–അന്ത്യത്തിന്റെ ജ്ഞാനം നിങ്ങൾ കുട്ടികൾക്കുണ്ട്. ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനു വേണ്ടി നമ്മൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഭക്തിയുടെ അതോറിറ്റിയുള്ളവർ എല്ലാവരെയും ഭക്തിയെക്കുറിച്ചു തന്നെ കേൾപ്പിക്കും. നിങ്ങൾ ജ്ഞാനത്തിന്റെ അതോറിറ്റിയുള്ളവരായതു കൊണ്ട് ജ്ഞാനം തന്നെ കേൾപ്പിക്കണം. സത്യയുഗത്തിൽ ഭക്തിയില്ല. ഒരാളു പോലും പൂജാരിയായിട്ടില്ല. പൂജ്യർ മാത്രമേ ഉള്ളു. അരകൽപം പൂജ്യർ, അരകൽപം പൂജാരികൾ. ഭാരതവാസികൾ തന്നെയാണ് പൂജ്യരായിരുന്നപ്പോൾ സ്വർഗമായിരുന്നു. ഇപ്പോൾ ഭാരതം പൂജാരിയും നരകവുമായിരിക്കുന്നു. നിങ്ങൾ കുട്ടികൾ ഇപ്പോൾ പ്രാക്ടിക്കൽ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് സർവ്വർക്കും പറഞ്ഞുകൊടുക്കുന്നു, വൃദ്ധി പ്രാപിച്ചുകൊണ്ടുമിരിക്കുന്നു. ഡ്രാമയിൽ ആദ്യമേ തന്നെ അടങ്ങിയിട്ടുള്ളതാണ്. ഡ്രാമ നിങ്ങളെക്കൊണ്ട് പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു, നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം ഡ്രാമയിൽ നമ്മുടെ പാർട്ട് അവിനാശിയാണ്. ലോകത്തിലുള്ളവർ ഇതൊന്നും അറിയുന്നേയില്ല. ഡ്രാമയിൽ നമ്മുടെ പാർട്ടാണ് ഉള്ളത്. ഈ ഡ്രാമയിൽ നമ്മുടെ പാർട്ട് എങ്ങനെയാണ് എന്നുള്ള കാര്യം പറയുന്നവരാണ് മനസ്സിലാക്കുന്നത്. ഈ സൃഷ്ടിചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഈ ലോകത്തിന്റേ ഹിസ്റ്ററിയും ജ്യോഗ്രഫിയും നിങ്ങൾക്ക് അല്ലാതെ

മറ്റാർക്കും അറിയില്ല. ഉയർന്നതിലും ഉയർന്നതാരാണെന്ന് ലോകത്തിൽ മറ്റാർക്കും അറിയില്ല. ഋഷി മുനിമാരെല്ലാം പറഞ്ഞിരുന്നത് ഞങ്ങൾക്ക് അറിയില്ല എന്നു തന്നെയാണ്. അറിയില്ല–അറിയില്ല എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം രചയിതാവായ ആ ബാബ നമ്മളെ പഠിപ്പിക്കുകയാണ്. ബാബ ഇക്കാര്യം പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ് ഇവിടെ ഇരിക്കുമ്പോൾ ആത്മ–അഭിമാനിയായിട്ടിരിക്കണം. ഒരു ബാബ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നതും, ലോകത്തിന്റെ ഹിസ്റ്ററിയും ജ്യോഗ്രഫിയും മനസ്സിലാക്കിത്തരുന്നതും. ബാബ പറയുന്നു, ഞാൻ മനസ്സു വായിക്കുന്ന ആളല്ല. ഇത്രയും വലിയ ലോകത്തിൽ ഇവയൊക്കെ എന്ത് വായിക്കുവാനാണ്. ബാബ പറയുന്നു, ഞാൻ ഡ്രാമയനുസരിച്ച് നിങ്ങളെ പാവനമാക്കുവാൻ വന്നിരിക്കുകയാണ്. ഡ്രാമയിൽ എന്റെ പാർട്ട് അഭിനയിക്കവാൻ വേണ്ടി വന്നിരിക്കുകയാണ്. അല്ലാതെ ഞാൻ ആരുടേയും മനസ്സു വായിക്കുവാൻ വരുന്നില്ല. എന്റെ പാർട്ട് എന്താണ്, നിങ്ങൾ എന്തു പാർട്ടാണഭിനയിക്കുന്നത് എന്നെല്ലാം പറഞ്ഞു തരുന്നു. നിങ്ങളീ ജ്ഞാനം പഠിച്ച് മറ്റുള്ളവരേയും പഠിപ്പിക്കുന്നു. എന്റെ പാർട്ട് തന്നെ പതീതരെ പാവനമാക്കുക എന്നതാണ്. ഇതും നിങ്ങൾ കുട്ടികൾ അറിയുന്നു, തീയതിയും കണക്കും എല്ലാം നിങ്ങൾക്കറിയാം. ലോകത്തിലെ മറ്റാർക്കും ഒന്നും അറിയില്ല, നിങ്ങളെ ബാബ പഠിപ്പിക്കുകയാണ്, പിന്നെ ഈ ചക്രം പൂർത്തിയാകുമ്പോൾ ബാബ വരും. ആ സമയത്ത് എന്തെല്ലാം സീനുകൾ നടന്നിരുന്നുവോ അതെല്ലാം കൽപത്തിനു ശേഷവും നടക്കും. ഒരു സെക്കന്റു പോലെയല്ല അടുത്ത സെക്കന്റ്. ഈ നാടകം കറങ്ങികൊണ്ടേയിരിക്കും. നിങ്ങൾ കുട്ടികൾക്ക് പരിധിയില്ലാത്ത നാടകത്തിനെക്കുറിച്ചറിയാം. എന്നിരുന്നാലും നിങ്ങൾ ഇടക്കിടക്ക് മറന്നു പോകുന്നു. ബാബ പറയുന്നു, നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കൂ. നമ്മുടെ ബാബ അച്ഛനാണ്, ടീച്ചറാണ്, ഗുരുവാണ്. നിങ്ങളുടെ ബുദ്ധി ആ ഭാഗത്തേക്കു പോകണം. ബാബയുടെ മഹിമ കേട്ട് ആത്മാവും സന്തോഷിക്കുന്നു. എല്ലാവരും പറയുന്നു, നമ്മുടെ ബാബ അച്ഛനാണ് , ടീച്ചറാണ്, അത് സത്യം തന്നെ സത്യമാണ്. പഠിത്തവും സത്യവും, സമ്പൂർണ്ണവുമാണ്. മനുഷ്യരുടെ പഠിത്തം അപൂർണ്ണമാണ്. അപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ എത്ര സന്തോഷമുണ്ടായിരിക്കണം. വലിയ പരീക്ഷ പാസ്സാകുന്നവർക്കും വളരെ സന്തോഷമുണ്ടായിരിക്കും. നിങ്ങൾ എത്ര ഉയർന്ന പഠിത്തം പഠിക്കുന്നു അപ്പോൾ എത്ര വിടർന്ന സന്തോഷമുണ്ടായിരിക്കണം . ഭഗവാൻ ബാബ, പരിധിയില്ലാത്ത അച്ഛൻ നമ്മളെ പഠിപ്പിക്കുന്നു, നിങ്ങൾക്ക് രോമാഞ്ചമുണ്ടാകണം. അതേ കഥാഭാഗം ആവർത്തിച്ചുകൊണ്ടിരിക്കുന്നു , ഇത് നിങ്ങൾക്കല്ലാതെ ആർക്കും അറിയില്ല. കാരണം കൽപത്തിന്റെ ആയുസ്സ്പോലും വർദ്ധിപ്പിച്ചു. നിങ്ങളുടെ ബുദ്ധിയിൽ 5000– വർഷത്തിന്റെ മുഴുവൻ സ്റ്റോറിയും കറങ്ങികൊണ്ടിരിക്കുന്നു , ഇതിനെത്തന്നെയാണ് സ്വദർശനചക്രമെന്ന് പറയുന്നത്.

കുട്ടികൾ പറയുന്നു, ബാബാ കൊടുങ്കാററ് വളരെ വരുന്നു , ഞങ്ങൾ മറന്നു പോകുന്നു. ബാബ ചോദിക്കുന്നു, നിങ്ങൾ ആരെയാണ് മറന്നുപോകുന്നത്? ഏതൊരു ബാബയാണോ നിങ്ങളെ ഡബിൾ കിരീടധാരി വിശ്വത്തിന്റെ അധികാരിയാക്കുന്നത് ആ ബാബയെ നിങ്ങൾ എങ്ങനെ മറക്കും! മറ്റാരേയും മറക്കുന്നുമില്ല. ഭാര്യ, കുട്ടികൾ, ചെറിയച്ഛൻ, മാമൻ, മിത്ര സംബന്ധികൾ എല്ലാം ഓർമ്മ വരുന്നുണ്ട്. ബാക്കി ഈ കാര്യത്തെ എന്തുകൊണ്ട് നിങ്ങൾ മറന്നു പോകുന്നു. നിങ്ങളുടെ യുദ്ധവും ഈ ഓർമ്മയിൽ തന്നെയാണ്, അതിനാൽ എത്ര സാധിക്കുമോ ഓർമ്മയിൽ ഇരിക്കണം. കുട്ടികൾക്ക് തന്റെ ഉന്നതിക്ക് വേണ്ടി അതിരാവിലെ എഴുന്നേററ് ബാബയുടെ ഓർമ്മയിൽ ഉല്ലാസയാത്ര നടത്തണം. നിങ്ങൾ മട്ടുപ്പാവിൽ അഥവാ പുറത്ത് തണുത്ത കാററുള്ളിടത്ത് പോകൂ. ഇവിടെത്തന്നെ വന്നിരിക്കേണ്ട ആവശ്യമില്ല. പുറത്തും പൊയ്ക്കോളൂ , രാവിലെത്തെ സമയം ഭയക്കേണ്ട യാതൊരു കാര്യവുമില്ല. പുറത്ത് സഞ്ചരിക്കൂ. നോക്കൂ ആര് ബാബയെ അധികം ഓർമ്മിക്കുന്നു– പരസ്പരം ഈ കാര്യം സംസാരിക്കൂ, എത്ര സമയം നമ്മൾ ഓർമ്മിച്ചു ഇത് പിന്നീട് പറയണം. മററു സമയങ്ങളിൽ നമ്മുടെ ബുദ്ധി എവിടേക്ക് പോയി. ഇതിനെയാണ് പരസ്പരം ഉന്നതി നേടുക എന്ന് പറയുന്നത്. നോട്ട് ചെയ്യൂ എത്ര സമയം ബാബയെ ഓർമ്മിച്ചു. ബാബ പ്രാക്ടീസ് പറഞ്ഞുതരുന്നു. ഓർമ്മയിൽ നിങ്ങൾ ഒരു മണിക്കൂർ നടന്നാൽപോലും നിങ്ങളുടെ കാലുകൾ ക്ഷീണിക്കില്ല. ഓർമ്മയിലൂടെ നിങ്ങളുടെ എത്ര പാപം നശിക്കുന്നു. ചക്രത്തെ നിങ്ങൾ കുട്ടികൾ അറിയുന്നു, രാത്രിയും, പകലും നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം ഇപ്പോൾ നമുക്ക് വീട്ടിലേക്ക് പോകണം. പുരുഷാർത്ഥം ചെയ്യൂ , കലിയുഗീ മനുഷ്യർക്ക് ഇത് അൽപംപോലും അറിയില്ല – മുക്തിക്ക് വേണ്ടി എത്രമാത്രം പരിശ്രമം ചെയ്യുന്നു. അനേക വഴികളാണ്. നിങ്ങൾ ബ്രാഹ്മണർക്ക് ഒരേയൊരു വഴി , ആരാണോ ബ്രാഹ്മണരാകുന്നത് അവർക്കെല്ലാവർക്കും ശ്രീമതം ഉണ്ട്. നിങ്ങൾ ബാബയുടെ ശ്രീമതത്തിലൂടെ ദേവതയാകുന്നു. ദേവതമാരുടേത് ശ്രീമതമല്ല. ശ്രീമതം ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർക്കാണ് ലഭിക്കുന്നത്. ഭഗവാൻ നിരാകാരനാണ്. ആ ബാബ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു, അതിലൂടെ നിങ്ങൾ തന്റെ രാജ്യഭാഗ്യം എടുത്ത് എത്ര ഉയർന്ന വിശ്വത്തിന്റെ അധികാരിയാകുന്നു. ഭക്തിമാർഗത്തിൽ വേദശാസ്ത്രങ്ങൾ എത്രയാണ്. പക്ഷേ പ്രയോജനത്തിൽ വരുന്നത് ഒരേയൊരു ഗീതയാണ്. ഭഗവാൻ വന്ന് രാജയോഗം പഠിപ്പിച്ചു , ഇതിനെയാണ് ഗീത എന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ ബാബയിൽ നിന്ന്

പഠിച്ചുകൊണ്ടിരിക്കുന്നു, ഇതിലൂടെ നിങ്ങൾ സ്വർഗരാജ്യം നേടുന്നു. ആരാണോ പഠിച്ചത് അവർ നേടി. ഡ്രാമയിൽ പാർട്ടുണ്ടല്ലോ. ജ്ഞാനം കേൾപ്പിക്കുന്ന ജ്ഞാന സാഗരൻ ഒരേയൊരു ബാബയാണ്. ഡ്രാമാ പ്ലാൻ അനുസരിച്ച് ആ ബാബ കലിയുഗ അന്ത്യത്തിലും സത്യയുഗത്തിന്റെ ആരംഭത്തിലുമുള്ള സംഗമത്തിൽ വരുന്നു. ഒരു കാര്യത്തിലും ആശയക്കുഴപ്പത്തിൽ വരരുത്. ബാബ ഈ ബ്രഹ്മാവിൽ വന്ന് പഠിപ്പിക്കുന്നു, വേറാർക്കും പഠിപ്പിക്കുവാൻ കഴിയില്ല. ഈ ബ്രഹ്മാവും മുമ്പ് ആരിൽ നിന്നെങ്കിലും പഠിച്ചിട്ടുണ്ടെങ്കിൽ ആ ഗുരുവിൽ നിന്ന് വേറെയും വളരെയധികം പേർ പഠിച്ചിരിക്കണം. ബാബ പറയുന്നു ഈ ഗുരുക്കന്മാരെപ്പോലും ബാബ തന്നെയാണ് ഉദ്ധരിക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ലക്ഷ്യം മുന്നിലുണ്ട്. നമ്മൾ ഇതാണ്, ഇത് നരനിൽ നിന്ന് നാരായണനാകുന്ന സത്യമായ കഥയാണ്. ഇതിന്റെ മഹിമയാണ് ഭക്തി മാർഗത്തിൽ നടന്നു വരുന്നത്. ഭക്തി മാർഗത്തിൽ ആചാരം നടന്നുവരുന്നു. ഇപ്പോൾ ഈ രാവണ രാജ്യം പൂർത്തിയാകണം. നിങ്ങൾക്ക് ദസറയിലും , മറ്റും പോകേണ്ട കാര്യമില്ല. ഇവർ എന്താണ് ചെയ്യുന്നത് എന്ന് നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയും. ഇത് കുട്ടിക്കളിയാണ്. വലിയ– വലിയ വ്യക്തികൾ പോലും കാണുവാൻ പോകുന്നു. രാവണനെ എന്തിന് കത്തിക്കുന്നു, ഇത് ആരാണ് , ആർക്കും പറയുവാൻ സാധിക്കില്ല. രാവണ രാജ്യമാണല്ലോ. ദസറ എത്ര സന്തോഷത്തോടെ ആഘോഷിക്കുന്നു, രാവണന്റെ കോലവും കത്തിക്കുന്നു, പക്ഷേ ദു:ഖവും വർദ്ധിച്ചു, ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ എത്ര അറിവില്ലാത്തവരായിമാറി. രാവണൻ അറിവില്ലാത്തവരാക്കി. ഇപ്പോൾ നിങ്ങൾ പറയും ബാബാ ഞങ്ങൾ തീർച്ചയായും ലക്ഷ്മി – നാരായണനാകും. നമ്മൾ അതിൽ കുറഞ്ഞ പുരുഷാർത്ഥമൊന്നും ചെയ്യില്ല. ഇത് ഒരെയൊരു സ്കൂളാണ്, പഠിത്തം എത്ര സഹജമാണ്. വയസ്സായ മാതാക്കൾക്ക് ഒന്നും ഓർമ്മിക്കുവാൻ കഴിയുന്നില്ലായെങ്കിൽ കേവലം ബാബയെ ഓർമ്മിക്കൂ. വായിലൂടെ ഹേ രാമ എന്ന് പറയാറില്ലേ. ബാബ വളരെ സഹജമായി പറഞ്ഞു തരുന്നു,നിങ്ങൾ ആത്മാവാണ്, പരമാത്മാവായ ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ തോണി അക്കരെ പോകും. എവിടേക്ക് പോകും? ശാന്തിധാമം– സുഖധാമത്തിലേക്ക്. ബാക്കി എല്ലാം മറക്കൂ. ഏതൊന്നാണോ കേട്ടിട്ടുള്ളത് , പഠിച്ചിട്ടുള്ളത് അതെല്ലാം മറന്ന് സ്വയത്തെ ആത്മാവ് എന്ന് മനസിലാക്കി ബാബയെ ഓർമ്മിക്കൂ... എങ്കിൽ ബാബയിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കും. ബാബയുടെ ഓർമ്മയിലൂടെ പാപം നശിക്കും. എത്ര സഹജമാണ്. ഭൃകുടി മദ്ധ്യത്തിൽ തിളങ്ങുന്ന അത്ഭുത നക്ഷത്രം എന്ന് പറയാറുണ്ട്. അപ്പോൾ തീർച്ചയായും ആത്മാവ് ഇത്രയും ചെറുതാണല്ലോ. ആത്മാവിനെ കാണുന്നതിന് ഡോക്ടർമാർ വളരെയധികം പരിശ്രമിക്കുന്നു. പക്ഷേ അത് വളരെ സൂക്ഷ്മമാണ്. ഹഠയോഗത്തിലൂടെയും കാണുവാൻ കഴിയില്ല. ബാബയും അതുപോലെ ബിന്ദുവാണ്. പറയുന്നു – ഏതുപോലെ നിങ്ങൾ സാധാരണമാണോ, ബാബയും അതുപോലെ സാധാരണമായി നിങ്ങളെ പഠിപ്പിക്കുന്നു. ഇവരെ ഭഗവാൻ എങ്ങനെബോണ് പഠിപ്പിക്കുന്നത്, ആർക്ക് എന്തറിയാം. കൃഷ്ണനാണ് പഠിപ്പിക്കുന്നതെങ്കിൽ മുഴുവൻ അമേരിക്ക, ജപ്പാൻ എല്ലാ ഭാഗത്തു നിന്നും വരുമായിരുന്നു. കൃഷ്ണന് അത്രയും ആകർഷണമുണ്ട്. എല്ലാവർക്കും കൃഷ്ണനോട് സ്നേഹമുണ്ടല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ അതുപോലെ ആയിത്തീരുകയാണ്. കൃഷ്ണൻ രാജകുമാരനാണ് , കൃഷ്ണനെ മടിയിൽ എടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പുരുഷാർത്ഥം ചെയ്യണം, ഇത് വലിയ കാര്യമൊന്നുമല്ല. ബാബ തന്റെ കുട്ടികളെ സ്വർഗത്തിലെ രാജകുമാരൻ, വിശ്വത്തിന്റെ അധികാരിയാക്കുന്നതിന് പഠിപ്പിക്കുന്നു.

ബാബ പറയുന്നു– കുട്ടികളേ, പഠിത്തത്തിന്റെ സാരമാണ് – ലോകത്തിലെ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കൂ. നമ്മുടെ പക്കൽ കോടികളുണ്ട്, ലക്ഷങ്ങൾ ഉണ്ട്, എന്ന് ഒരിക്കലും കരുതരുത്. ഒന്നും കൈയിൽ വരില്ല, അതിനാൽ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യൂ. ചില കുട്ടികൾ ബാബയുടെ അടുത്ത് വരുമ്പോൾ ബാബ പരാതി പറയും, 8– മാസമായി വന്നിട്ട്, എന്നിട്ടും വിശ്വത്തിന്റെ ചക്രവർത്തി പദം തരുന്ന ആ ബാബയെ ഇത്ര സമയമായിട്ടും കാണാൻ വന്നില്ല. കുട്ടികൾ പറയും ബാബ ഇന്ന ജോലിയുണ്ടായിരുന്നു. നോക്കൂ, നിങ്ങൾ മരിച്ചുപോകുകയാണെങ്കിൽ ഇവിടേക്ക് (മധുബൻ) എങ്ങനെ വരും. അതിനാൽ ഈ ഒഴിവുകഴിവ് പറയരുത്. ബാബ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു, പക്ഷേ നിങ്ങൾ പഠിക്കുന്നതേയില്ല. , ആരാണോ വളരെ ഭക്തി ചെയ്തത് അവർക്ക് ഏഴു ദിവസമല്ല കേവലം ഒരു സെക്കന്റിൽ തന്നെ അമ്പ് തറക്കും. സെക്കന്റിൽ വിശ്വത്തിന്റെ അധികാരിയാകാം. ബ്രഹ്മാബാബ സ്വയം അനുഭവിയാണ് , വിനാശം കണ്ടു, ചതുർഭുജരൂപം കണ്ടു, മനസ്സിലാക്കി, ആഹാ, ഞാൻ വിശ്വത്തിന്റെ അധികാരിയാകും. സാക്ഷാത്ക്കാരമുണ്ടായി , ഉൽസാഹം വന്നു എല്ലാം ഉപേക്ഷിച്ചു. ഇവിടെ നിങ്ങൾ കുട്ടികൾക്കും അറിയാം വിശ്വത്തിന്റെ അധികാരം നൽകുവാൻ ബാബ വന്നിരിക്കുന്നു. അപ്പോൾ ബാബ ചോദിക്കുന്നു, എപ്പോൾ നിശ്ചയം വരും? പറയുന്നു, ബാബാ 8 – മാസം . ബാബ മനസിലാക്കിത്തരുന്നു മുഖ്യമായ കാര്യം ജ്ഞാനവും , യോഗവുമാണ്. ബാക്കി സാക്ഷാത്കാരം കൊണ്ട് യാതൊരു പ്രയോജനവുമില്ല. ബാബയെ തിരിച്ചറിഞ്ഞുവെങ്കിൽ പഠിക്കാൻ ആരംഭിക്കൂ അപ്പോൾ നിങ്ങളും ഇവരെ പ്പോലെയാകും(ലക്ഷ്മി – നാരായണൻ), പോയിന്റ് ലഭിച്ചുകൊണ്ടിരിക്കും, ഇത് ആർക്ക് വേണമെങ്കിലും

മനസ്സിലാക്കിക്കൊടുക്കുവാൻ കഴിയും. വളരെ മധുരതയോടെ മനസിലാക്കി കൊടുക്കൂ. ശിവബാബ പതീത- പാവനനാണ്, ആ ബാബ പറയുന്നു, ബാബയെ ഓർമ്മിക്കൂ എങ്കിൽ പാവനമായി പാവന ലോകത്തിന്റെ അധികാരിയാകും. യുക്തിയോടെ മനസ്സിലാക്കിക്കൊടുക്കണം. ഈശ്വരൻ മുക്തി നൽകി മധുരമായ വീട്ടിലേക്ക് തിരിച്ചുകൊണ്ടുപോകും - ഇത്  നിങ്ങളും ആഗ്രഹിക്കുന്നില്ലേ. ശരി, ഇപ്പോൾ നിങ്ങളുടെ മേൽ ഉള്ള അഴുക്കിനെ ഇല്ലാതാക്കുന്നതിന് വേണ്ടി ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ. ശരി ,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും.  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1 അതിരാവിലെ എഴുന്നേറ്റ് നടന്നുകൊണ്ട് ബാബയെ ഓർമ്മിക്കൂ. പരസ്പരം ഇങ്ങനെ മധുരമായി സംസാരിക്കൂ, ആരാണ് കൂടുതൽ സമയം ബാബയെ ഓർമ്മിക്കുന്നതെന്ന് നോക്കാം. പിന്നെ തന്റെ അനുഭവം പറയണം.

2 ബാബയെ മനസ്സിലാക്കി കഴിഞ്ഞുവെങ്കിൽ ഇനി ഒരു ഒഴിവു കഴിവും പറയരുത്. പഠിത്തത്തിൽ മുഴുകണം, മുരളി ഒരിക്കലും മുടക്കരുത്.

## വരദാനം-സർവ്വരുടേയും ഗുണങ്ങളെ കണ്ടുകൊണ്ടും, സ്വയത്തിൽ ബാബയുടെ ഗുണങ്ങളെ ധാരണ ചെയ്യുന്ന ഗുണമൂർത്തിയായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ഏത് കുട്ടികളാണോ ഗുണങ്ങളുടെ മാലയെ ധാരണ ചെയ്യുന്നത് അവർ തന്നെയാണ് വിജയമാലയിൽ വരുന്നത്. അതിനാൽ ഹോളിഹംസമായി മാറി സർവ്വരുടേയും ഗുണങ്ങളെ സ്വയത്തിൽ ധാരണ ചെയ്യുക.ഈ ഗുണങ്ങളുടെ മാല എല്ലാവരുടേയും കഴുത്തിൽ ഉണ്ടാകട്ടെ.ബാബയുടെ ഗുണങ്ങളെ ആരെല്ലാം എത്രയധികം ധാരണ ചെയ്യുന്നുവോ അവരുടെ കഴുത്തിൽ അത്രയും വലിയ മാല വന്നുചേരുന്നു.ഗുണമാലയെ സ്മരിക്കുന്നതിലൂടെ സ്വയം ഗുണമൂർത്തികളായി മാറുന്നു.ഇതിന്റെ ഓർമ്മ ചിഹ്നമായിട്ടാണ് ദേവതകളുടേയും, ശക്തികളുടേയും കഴുത്തിൽ മാല കാണിച്ചിരിക്കുന്നത്.

## സ്ലോഗൻ-സാക്ഷിസ്ഥിതി തന്നെയാണ് യഥാർത്ഥ നിർണ്ണയമെടുക്കാനുള്ള സിംഹാസനം.

**അവ്യക്തസൂചന-ആത്മസ്ഥിതിയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ,അന്തർമുഖിയായിമാറൂ....**
അന്തർമുഖിയായി കാര്യങ്ങൾ ചെയ്യുന്നതിലൂടെ വിഘ്നങ്ങളിൽനിന്നും, വ്യർത്ഥ സങ്കൽപങ്ങളിൽ നിന്നും സുരക്ഷിതരായി ഇരിക്കാം,മാത്രമല്ല ധാരാളം സമയവും ലാഭിക്കാം.ആരാണോ അന്തർമുഖിയായി ഇരിക്കുന്നത് അവരിൽ സ്മൃതിയുടെ സമർത്ഥത വന്നുചേരുന്നു ഒപ്പം ആത്മാരൂപി നേത്രം പവർഫുൾ ആവുകയും ചെയ്യുന്നു.ഇതുകൊണ്ടുതന്നെ ഏതെങ്കിലും വിഘ്നങ്ങൾ വരാനിരിക്കുന്നുണ്ടെങ്കിൽ അത് നേരത്തേ തിരിച്ചറിയാനാകും,ഇന്ന് ഒരു പരീക്ഷ മുന്നിൽ  വരാനുണ്ട്.....നേരത്തേ തിരിച്ചറിയുന്നതുകൊണ്ട് ജാഗ്രതയോടെയിരിക്കുന്നതിനാൽ സഫലത പ്രാപ്തമാക്കാനും സാധിക്കുന്നു.